# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3511 08..11..2019 -ലെ മറുപടിയ്ക്ക്

**അധികമാർക്ക് നൽകുന്ന സാഹചര്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ഡോ. കെ.ടി. ജലീൽ<br>(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പരീക്ഷാഫലം പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ഏതൊക്കെ സാഹചര്യത്തിലാണ് വിദ്യാർത്ഥികൾക്ക് അധികമാർക്ക് നൽകി വിജയിപ്പിക്കുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പുനർമൂല്യനിർണയത്തിന് ശേഷം വിദ്യാർത്ഥിയുടെ മാർക്ക് മോഡറേഷൻ പരിധിയിൽ വരുന്ന പക്ഷം മോഡറേഷൻ നൽകാവുന്നതാണ്. ഗ്രേസ് മാർക്ക് സംബന്ധിച്ച് മികവിന്റെ രേഖകൾ സമർപ്പിക്കുന്നവർക്ക് ഗ്രേസ് മാർക്ക് അനുവദിക്കാറുണ്ട്. |
| (ബി) | കോതമംഗലം ഇന്ദിരാഗാന്ധി എഞ്ചിനീയറിംഗ് കോളേജിൽ ബി-ടെക്കിന് പഠിച്ച അനുജ മോഹനകുറുപ്പ് എന്ന വിദ്യാർത്ഥിനി 2018 മേയിൽ നടന്ന ബി-ടെക് ആറാം സെമസ്റ്റർ പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകിയിട്ടും പരാജയപ്പെട്ടിരുന്നോ; | (ബി) | 2018 മേയ് മാസം നടന്ന ആറാം സെമസ്റ്റർ പരീക്ഷയിൽ അനുജ മോഹന കുറുപ്പിന് ഗ്രേസ് മാർക്ക് നൽകിയിരുന്നില്ല. |
| (സി) | എം.ജി. സർവ്വകലാശാല 2019 ഫെബ്രുവരിയിൽ സംഘടിപ്പിച്ച ഫയൽ അദാലത്തിൽ പ്രസ്തുത വിദ്യാർത്ഥിനി അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത അദാലത്തിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ? | (സി) | അപേക്ഷ സമർപ്പിച്ചിരുന്നു. "ബി.ടെക് കോഴ്സുകൾ KTU വിലേയ്ക്ക് പോയതിനാലും, ബാക്കി സെമസ്റ്ററുകൾ എല്ലാം ജയിച്ചതിനാലും, ഏതെങ്കിലും ഒരു വിഷയത്തിന് മാത്രം ഒരു മാർക്ക് ജയിക്കാൻ ആവശ്യമായി വരികയും ചെയ്യു സാഹചര്യത്തിൽ നിലവിൽ പാസ് ബോർഡ് നൽകിയിരിക്കുന്ന മോഡറേഷന് പുറമെ ഒരു മാർക്ക് |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ മോഡറേഷൻ നൽകുന്നതിന് അദാലത്തിന്റെ തലേദിവസം ചേർന്ന സിൻഡിക്കേറ്റ് നിർവ്വാഹക സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്. ഇത് ബി.ടെക് കോഴ്സിന് മാത്രം ബാധകമാകുന്നതും വിദ്യാർത്ഥി അപേക്ഷിക്കുന്ന മുറയ്ക്ക് മാത്രം നൽകുന്നതുമാണ്" എന്നാണ് ടി യോഗത്തിൽ തീരുമാനിച്ചത്. അദാലത്തിൽ ഇത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ